**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2822** **13-12-2022 - ൽ മറുപടിയ്ക്ക്**

**ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ ലൈൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി എച്ച് കുഞ്ഞമ്പു | | ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി) | |
| (എ) | ഉഡുപ്പി-കാസർഗോഡ് ട്രാൻസ്മിഷൻ (ഉഡുപ്പി-കരിന്തള) ലൈനിന്റെ നിർമ്മാണ പ്രവൃത്തി നിലവിൽ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ; | (എ) | കേന്ദ്ര ഊർജ്ജ വകുപ്പിന്റെ ഭാഗമായ REC ട്രാൻസ്മിഷൻ പ്രോജക്ട് കമ്പനി ലിമിറ്റഡ് TBCB വ്യവസ്ഥയിൽ ക്ഷണിച്ച ടെണ്ടർ ലഭിച്ച കമ്പനിയായ സ്റ്റെർലൈറ്റ് പവർ ട്രാൻസ്മിഷൻ ലിമിറ്റഡിന്റെ ഭാഗമായ ഉഡുപ്പി – കാസർഗോഡ് ട്രാൻസ്മിഷൻ ലിമിറ്റഡ് (UKTL) എന്ന കമ്പനിയാണ് നിർദിഷ്ട 400 കെ.വി. ഉഡുപ്പി – കരിന്തളം ലൈനും കരിന്തളം 400 കെ.വി. സബ്സ്റ്റേഷനും നിർമ്മിക്കുന്നത്. ഈ പ്രവൃത്തിയുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് നേരിട്ട് ബന്ധപ്പെട്ട് പ്രവർത്തിക്കുന്നില്ല. UKTL എന്ന കമ്പനിയിൽ നിന്ന് ലഭ്യമായ വിവരങ്ങൾ പ്രകാരം 400 കെ.വി. ഉഡുപ്പി–കാസർഗോഡ് ലൈനിന്റെ ജോലികളുടെ വിശദാംശങ്ങൾ താഴെപ്പറയുന്ന പ്രകാരമാണ്. |

| | |
|---|---|
| ആകെ ലൈൻ നിർമ്മിക്കേണ്ട ദൂരം | 115 കി.മീ. (കേരളം-47 കി.മീ., കർണ്ണാടകം-68 കി.മീ.) |
| ആകെ ട്രാൻസ്മിഷൻ ടവറുകളുടെ എണ്ണം | 283 (കേരളം-101, കർണ്ണാടകം – 182) |
| ടവർ ഫൌണ്ടേഷൻ നിർമ്മാണം പൂർത്തിയായത് (കേരളം) | 85 Nos. |
| ടവർ നിർമ്മാണം പൂർത്തിയായത് (കേരളം) | 74 Nos. |
| ലൈൻ നിർമ്മാണം പൂർത്തിയായത് (കേരളം) | 810 മീറ്റർ |
| സബ്സ്റ്റേഷൻ നിർമ്മാണം | 50 % പൂർത്തീകരിച്ചു. |

| | | | |
|---|---|---|---|
| | | | |
| (ബി) | ടവറുകളും ലൈനും കടന്നുപോകുന്ന സ്ഥലത്തെ ഭൂവുടമകളുടെ പരാതി പരിഹരിക്കാൻ സാധിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കുമോ? | (ബി) | ടവറും ലൈനും കടന്നുപോകുന്ന സ്ഥലത്തെ ഭൂവുടമകൾക്ക് നഷ്ടപരിഹാരം ലഭ്യമാക്കുന്നത് UKTL എന്ന കമ്പനിയാണ്. കമ്പനിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം, വൃക്ഷവിള നഷ്ടപരിഹാരം, കാസർഗോഡ് ജില്ലാ കളക്ടർ നിശ്ചയിച്ച പ്രകാരം അന്തിമവില തീരുമാനമായിട്ടുണ്ട്. ടവർ സ്ഥാപിക്കുന്ന ഭൂമിയുടെ നഷ്ടപരിഹാരവുമായി ബന്ധപ്പെട്ട് സ്പെഷ്യൽ പാക്കേജിനുള്ള ആവശ്യം സർക്കാരിന്റെ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ